# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2368**

**12.03.2020-ൽ മറുപടിയ്ക്ക്**

## വനിതാ സംവിധായകർക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) | |
| (എ) | വനിതാ സംവിധായകർക്ക് ധനസഹായം നൽകി സിനിമ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതുപ്രകാരം ഇതിനകം എത്ര വനിതാ സംവിധായകർക്ക് ധനസഹായം നൽകിയെന്നും എന്ത് തുക വീതമെന്നും വ്യക്തമാക്കുമോ; | (ബി) | രണ്ടു വനിതാ സംവിധായകരെ ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. അതുപ്രകാരം വനിതാ സിനിമാ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തിരം 7,77,184/- രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ഒരു വനിതാ സംവിധായകയ്ക്ക് പ്രീപ്രൊഡക്ഷൻ ആവശ്യങ്ങൾക്കായി 1,85,000 രൂപയും നാളിതുവരെ നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വനിതാ സംവിധായകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിൽ 2019-20 ലെ ബഡ്ജറ്റിൽ രണ്ടു വനിതാ സംവിധായകരാൽ സിനിമാ നിർമ്മാണം നടത്തുന്നതിന് 3 കോടി രൂപ വകയിരുത്തുകയും ആയതിന് കെ. എസ്.എഫ്.ഡി.സി-യെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി-യുടെ ഡയറക്ടർ |

| | | | |
|---|---|---|---|
| | | | ബോർഡ് അംഗങ്ങളായ സബ്കമ്മിറ്റി 09.05.2019 ന് യോഗം ചേരുകയും പത്രപ്പരസ്യം മുഖേന സ്ക്രിപ്റ്റുകൾ ക്ഷണിക്കുകയും ചെയ്തു. ഇങ്ങനെ ലഭിച്ച സ്ക്രിപ്റ്റുകൾ പരിശോധിക്കുന്നതിനായി 28.06.2019-ന് നടന്ന 190-ാമത് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും 5 ജൂറി അംഗങ്ങളെ നിയമിക്കുവാനും ഇതിൽ 3 സ്ത്രീകളും 2 പുരുഷന്മാരും ആയിരിക്കണം ജൂറി അംഗങ്ങൾ എന്നും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സിനിമാ രംഗത്തെ പ്രഗൽഭരായ 5 ജൂറി അംഗങ്ങളെ ഇതിനായി ചുമതലപ്പെടുത്തി. ശ്രീ. രഘുനാഥ് പലേരി ചെയർമാനും, ശ്രീ. മനീഷ് നാരായൺ, ശ്രീമതി. ദീദി ദാമോദരൻ, ശ്രീമതി. കുക്കു പരമേശ്വരൻ, ശ്രീമതി. ഫൗസിയ ഫാത്തിമ എന്നിവർ അംഗങ്ങളായുമാണ് ജൂറി രൂപീകരിച്ചത്. വളരെ സുതാര്യമായും, സംസ്ഥാന സർക്കാറിന്റെ വനിതാ ശാക്തീകരണ മനോഭാവം ഉൾപ്പെടുത്തിയുമാണ് പ്രസ്തുത ജൂറി അംഗങ്ങൾ സ്ക്രിപ്റ്റുകൾ സ്ക്രീനിംഗ് നടത്തിയത്, ലഭിച്ച സ്ക്രിപ്റ്റുകൾ ഏകദേശം 15 ദിവസത്തോളം വനിതാ സംവിധായകരെ കൊണ്ട് വായിച്ച് കേൾപ്പിച്ച് വിലയിരുത്തി, സിനിമാ നിർമ്മാണത്തിനുള്ള മികവ് കണക്കിലെടുത്താണ് ജൂറി അംഗങ്ങൾ റാങ്കിംഗ് നടത്തിയത്. |

സെക്ഷൻ ഓഫീസർ